# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.11401/19/എസ്റ്റ.സി

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
തീയതി: 30/01/2026

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡ് - പെൻഷൻകാർക്കും/ഫാമിലി പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ നടപ്പിൽ വരുത്തുന്നത് - സംബന്ധിച്ച്

സൂചന:- 1) 04/06/2025 ലെ ആർ.ഒ.സി.3429/24/എസ്റ്റ- 4 നമ്പർ ബോർഡ് ഉത്തരവ്
2) 04/11/2025 ലെ മേൽ നമ്പർ റിപ്പോർട്ട്
3) 28/01/2026 ലെ ആർ.ഒ.സി.3429/24/എസ്റ്റ- 4 നമ്പർ ബോർഡ് ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പെൻഷൻകാർക്കും, ഫാമിലി പെൻഷൻകാർക്കും ആരോഗ്യ പരിരക്ഷ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് സൂചന (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

എന്നാൽ സമയപരിധിയ്ക്കുള്ളിൽ ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യാൻ കഴിയാത്ത നിരവധി പെൻഷൻകാർ ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ, ടി ആളുകളുടെ അപേക്ഷ പരിഗണിച്ച്, ഒരു മാസത്തേയ്ക്ക് കൂടി ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യുന്നതിന് സമയം അനുവദിക്കുന്നതിനായി സൂചന (2) ആയി റിപ്പോർട്ട് ചെയ്തതിൻ പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പെൻഷൻകാരിലും, ഫാമിലിപെൻഷൻ കാരിലും ഗ്രൂപ്പ് മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാൻ താൽപര്യമുള്ളവർക്ക് ഓൺ ലൈൻ വഴി രജിസ്റ്റർ ചെയ്യുന്നതിന് 28/2/2026 വരെ സമയം അനുവദിച്ച് സൂചന (3) ഉത്തരവായിട്ടുള്ളതാണ്.

- ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും ക്രമം പെൻഷൻകാർ/ഫാമിലി പെൻഷൻകാർ https://Ex-tdb.securus.in എന്ന ലിങ്കിൽ ലോഗിൻ ചെയ്ത ശേഷം ലഭിക്കുന്ന OTP ഉപയോഗിച്ച് രജിസ്ട്രേഷൻ പ്രൊഫൈലിൽ പ്രവേശിക്കാവുന്നതാണ്.
- ഈ പ്രൊഫൈലിൽ അവരവരുടെ അംഗീകൃത തിരിച്ചറിയൽ കാർഡ് പ്രകാരമുള്ള വിവരങ്ങൾ നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്..
- പ്രൊഫൈലിൽ നൽകുന്ന ഫോൺ നമ്പർ, E mail ID എന്നിവ മുഖാന്തിരമാണ് ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് തുടർന്നുള്ള സന്ദേശങ്ങൾ ലഭ്യമാകുക. ആകയാൽ സജ്ജീവമായ ഫോൺ നമ്പർ, E mail ID എന്നിവ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.
- വിവരങ്ങൾ എല്ലാം ശരിയാണോയെന്ന് പരിശോധിച്ചശേഷം മാത്രം Confirmation നൽകേണ്ടതും, തുടർന്ന് ബന്ധപ്പെട്ട വിവരങ്ങൾ E mail ആയി ലഭിച്ചോ എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ഒപ്പ്
ദേവസ്വം കമ്മീഷണർ

പകർപ്പ്:- 1) എല്ലാ ആഫീസ്/ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2) ഐ.റ്റി സെക്ഷൻ
3) സെക്ഷൻ ഫയൽ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

Jyo.30/01